# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


No. C1/2022/SPST/3215 31.03.2025

## ടെണ്ടർ പരസ്യം

ശ്രീപത്മനാഭക്ഷേത്രത്തിൽ മേൽക്കൂരയുടെ നവീകരണത്തിന് ശേഷം മാറ്റിയ ചെമ്പ് തകിടുകൾ (ഉദ്ദേശം 5 ടൺ), ചെമ്പ് ആണിയും താഴെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ വ്യവസ്ഥയിൽ വിൽപ്പന നടത്താൻ ഉദ്ദേശിക്കുന്നു.

## നിബന്ധനകൾ

1. ടെണ്ടർ സമർപ്പിക്കുന്നവർ ഹിന്ദുമതസ്ഥരായിരിക്കണം.
2. **കിലോയ്ക്ക് എത്ര രൂപ നിരക്കിൽ (ജി.എസ്.ററി ഉൾപ്പെടെ)** വാങ്ങുവാൻ താൽപ്പര്യമുണ്ടെന്ന് ടെണ്ടറിൽ വ്യക്തമായിരിക്കണം. ഇക്കാര്യത്തിൽ ചെമ്പിന്റെ ഏററവും കുറഞ്ഞ അടിസ്ഥാനവില (Upset Price) രൂപ 800/- ആയി ഒരു കിലോയ്ക്ക് നിജപ്പെടുത്തിയിരിക്കുന്നു
3. സമർപ്പിക്കുന്ന ടെണ്ടറിനോടൊപ്പം 40,000/- രൂപ ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ പേർക്കെടുത്ത ഡിമാന്റ് ഡ്രാഫ്ററ് നിരതദ്രവ്യമായി ഉള്ളടക്കം ചെയ്തിരിക്കണം.
4. ടെണ്ടർ ലഭിക്കുന്ന വ്യക്തിക്ക് പ്രസ്തുത വിവരം സംബന്ധിച്ച് ക്ഷേത്രത്തിൽ നിന്ന് അറിയിപ്പ് ലഭിക്കുമ്പോൾ ആയതിൽ നിഷ്കർഷിക്കുന്ന തീയതിക്ക് മുൻപ് മുഴുവൻ ടെണ്ടർ തുകയും പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ക്ഷേത്രം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാകുന്നു.
5. അപ്രകാരം മുഴുവൻ തുകയും ക്ഷേത്രം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു എന്ന തെളിവ് ഹാജരാക്കിയതിനു ശേഷം 10 ദിവസത്തിനകം മുഴുവൻ ചെമ്പ് തകിടുകളും, ചെമ്പാണികളും സ്വന്തം ചുമതലയിലും, ഉത്തരവാദിത്വത്തിലും, ക്ഷേത്ര സുരക്ഷയും, ആചാര്യമര്യാദയും പാലിച്ച് ക്ഷേത്രത്തിൽ നിന്ന് കൊണ്ടു പോകേണ്ടതുമാകുന്നു.
6. ടെണ്ടർ സംബന്ധമായ സകല നടപടി ക്രമങ്ങളുടെയും നിയന്ത്രണാധികാരി ശ്രീപത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.
7. ടി ചെമ്പ് ഷീററിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ താൽപ്പര്യമുള്ളവർ മതിലകം ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10..00 മണിക്കും വൈകുന്നേരം 5.00 മണിക്കുമിടയിൽ വന്ന് നേരിട്ട് പരിശോധിക്കാവുന്നതാണ്. ആയതിന് മുൻ കൂറായി അറിയിച്ച് അനുമതി തേടേണ്ടതാകുന്നു.

### ബന്ധപ്പെടേണ്ട നമ്പർ

- അനിൽ കുമാർ(മുതൽപിടി) : 6282491674
- പത്മകുമാർ (അസ്സി:മുതൽപിടി): 8921975932

മേൽ വ്യവസ്ഥകൾപാലിച്ച് ടെണ്ടർ സമർപ്പിക്കുവാൻ താൽപര്യമുള്ളവർ സീൽ ചെയ്ത കവറിൽ തങ്ങളുടെ ടെണ്ടർ **16.04.2025** ാം തീയതി ഉച്ചക്ക് 2.30 മണിക്കകം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. പ്രസ്തുത കവറിന് മുകളിൽ **"ചെമ്പ് തകിടിനായുള്ള ടെണ്ടർ"** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

ലഭിക്കുന്ന ടെണ്ടറുകൾ അന്നേ ദിവസം ഉച്ചക്ക് 3.00 മണിക്ക് ടെണ്ടർ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാകുന്നു. ടെണ്ടർ വ്യവസ്ഥകൾ പാലിക്കാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ പരിശോധനയിൽ തന്നെ നിരസിക്കുന്നതായിരിക്കും. ടെണ്ടർ പരിശോധനയിൽ ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്തിട്ടുള്ള ടെണ്ടർ ഉറപ്പിക്കുന്നത് ടെണ്ടർ സമർപ്പിച്ച ആളിന് രേഖാമൂലം അറിയിപ്പ് നൽകുന്നതുമായിരിക്കും. ഇങ്ങനെ അറിയിപ്പ് ലഭിച്ചാൽ ക്ഷേത്രത്തിൽ നിന്നും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ടെണ്ടർ സമർപ്പിച്ച ആളിന്റെ സാന്നിധ്യത്തിൽ ചെമ്പ് തകിടുകളും, ആണിയും തൂക്കം കണക്കാക്കുന്നതായിരിക്കും. അപ്രകാരം തൂക്കം കണക്കാക്കുന്ന ചെമ്പിന്റെ വില (ആകെ തുക) രേഖപ്പെടുത്തി ടെണ്ടർ വിജയകരമായി ലഭിച്ച വ്യക്തി ക്ഷേത്രത്തിൽ നിന്നും കത്ത് മുഖേനയോ, ഇമെയിൽ മുഖേനയോ അറിയിപ്പ് ലഭിക്കുന്ന തീയതി മുതൽ 10 ദിവസത്തിനകം പ്രസ്തുത സന്ദേശത്തിൽ അറിയിച്ചിട്ടുള്ള ക്ഷേത്ര ബാങ്ക് അക്കൗണ്ടിൽ മുഴുവൻ തുകയും ഒടുക്കി ആയതിന്റെ തെളിവ് ക്ഷേത്ര ഓഫിസിൽ ഹാജരാക്കി പ്രസ്തുത ദിവസത്തിന് 10 ദിവസത്തിനകം ചെമ്പ് തകിടുകളും, ചെമ്പാണികളും ക്ഷേത്രത്തിൽ നിന്നും സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാകുന്നു.

എക്സിക്യൂട്ടീവ് ഓഫീസർ

**സ്വീകർത്താവ്:**

1. **മുതൽപിടി,**
2. **അസ്സി:മുതൽപിടി**
3. **സിസ്റ്റം ഓഫിസർ**

പകർപ്പ്: എ.ഓ, എഫ്.എ.ഓ, മാനേജർ, അസ്സി:അക്കൗണ്ട്സ് ഓഫിസർ, ആഡിററ്, ക്ഷേത്രം വെബ്സൈററ്, നോട്ടീസ് ബോർഡ് (5 നടകളിലും), സ്റ്റോക്ക് ഫയൽ